(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കഴുവന്നൂർ പഞ്ചായത്തിൽ ഐരാപുരം സെന്റ് തോമസ് എൽ.പി. സ്കൂൾ ഇപ്പോൾ പ്രവർത്തനം ഇല്ലാതെ കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞു നശിച്ചുകൊണ്ടിരിക്കുന്നത് പരിരക്ഷിക്കുവാനുള്ള നടപടിയും ആയതിന് ആവശ്യമായ തുകയും അനുവദിക്കുമോ;

(സി) ഈ സ്കൂൾ കെട്ടിടവും സ്ഥലവും അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ കെട്ടിടം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ കെട്ടിടം പരിരക്ഷിക്കുന്നതിനായി തുക അനുവദിക്കേണ്ട ആവശ്യമില്ല.

(സി) സ്കൂൾ സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

52 (1596) പരീക്ഷാഫലം തടഞ്ഞുവച്ച നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ ഏതെല്ലാം വിദ്യാലയങ്ങളിലെ ഫലങ്ങളാണ് തടഞ്ഞുവച്ചിട്ടുള്ളതെന്നും ആകെ എത്ര വിദ്യാർത്ഥികളുടെ ഫലങ്ങളാണ് അതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) തടഞ്ഞുവച്ച പരീക്ഷാഫലങ്ങളിൽ ഏതെങ്കിലും സ്കൂളുകളുടെ ഫലങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം;

(സി) എസ്.എസ്.എൽ.സി. പരീക്ഷാഫലം തടഞ്ഞുവയ്ക്കാനും പിന്നീട് പ്രസിദ്ധീകരിക്കാനും സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിലെ 16 വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പരീക്ഷാഫലം തടഞ്ഞുവച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഫലം തടഞ്ഞു വയ്ക്കാനുണ്ടായ കാരണം എന്താണ്;

(എഫ്) തടഞ്ഞുവച്ച പരീക്ഷാഫലം പിന്നീട് പ്രസിദ്ധീകരിക്കാൻ ഇടയായ കാരണങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ പരീക്ഷാഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാലയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി† ചേർത്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ആലപ്പുഴ	:	237
കോട്ടയം	:	17
തിരുവനന്തപുരം	:	323
ഇടുക്കി	:	10
കൊല്ലം	:	930
പത്തനംതിട്ട	:	110
എറണാകുളം	:	3
തൃശൂർ	:	21
പാലക്കാട്	:	2
കോഴിക്കോട്	:	2
മലപ്പുറം	:	14
കണ്ണൂർ	:	99
കാസർഗോഡ്	:	3
ആകെ	:	**1771**

(ബി) 1311 കുട്ടികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയുണ്ടായി. വിശദവിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(സി) പരീക്ഷാ ക്രമക്കേടുകളായ കോപ്പിയടി, കോപ്പിയടിക്കുന്നതിനാവശ്യമായ അച്ചടിച്ചതും എഴുതിയതുമായ തുണ്ടുകൾ അനധികൃതമായി പരീക്ഷാ ഹാളിൽ കൊണ്ടുവരിക, ആൾമാറാട്ടം നടത്തി പരീക്ഷ എഴുതുക, പുറത്തു നിന്നുള്ളവർ ഉത്തരം എഴുതി പരീക്ഷാഹാളിൽ ഇട്ടുകൊടുക്കുക തുടങ്ങിയ ഗുരുതരമായ ക്രമക്കേടുകൾ കാണിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷാഫലം തടഞ്ഞു വയ്ക്കുന്നത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പരീക്ഷാഫലം തടഞ്ഞുവച്ച വിദ്യാർത്ഥികൾക്ക് മെമ്മോ നൽകി മറുപടി വാങ്ങി പരിശോധിക്കുകയും കുട്ടികളുടെ വാല്യൂ ചെയ്ത ഉത്തരക്കടലാസുകൾ വരുത്തി പരിശോധിക്കുകയും സ്കൂൾ അധികൃതരെ വരുത്തി സത്യാവസ്ഥ ആരായുകയും ചെയ്തശേഷം വ്യക്തമായ പ്രത്യേക തെളിവുകൾ ലഭിക്കാതിരുന്നാൽ സംശയത്തിന്റെ ആനുകൂല്യം നൽകി വിദ്യാർത്ഥികൾക്കനുകൂലമായ നടപടി സ്വീകരിച്ചുകൊണ്ട് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) കോപ്പിയടി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(എഫ്) പരീക്ഷാഫലം തടഞ്ഞുവച്ച വിദ്യാർത്ഥികൾക്ക് മെമ്മോ നൽകി മറുപടി വാങ്ങി പരിശോധിക്കുകയും കുട്ടികളുടെ വാല്യൂ ചെയ്ത

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരക്കടലാസുകൾ വരുത്തി പരിശോധിക്കുകയും സ്കൂൾ അധികൃതരെ വിളിച്ചുവരുത്തി സത്യാവസ്ഥ ആരായുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ പ്രത്യേക തെളിവുകൾ ലഭിക്കാത്തതിനാൽ തടഞ്ഞുവച്ച വിദ്യാർത്ഥികളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

53 (1597) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 20.6.99 വരെ ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകാൻ കഴിയാത്തതുമായ എത്ര കേസുകൾ പരീക്ഷാ കമ്മീഷണർ ഓഫീസിൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വർഷത്തിലധികം കാലതാമസമുണ്ടായിട്ടുള്ള ഫയലുകൾ എത്ര; അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ ലഭിക്കുന്നതിന്റെ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 14471 കേസുകൾ.

(ബി) 10316. അപേക്ഷകളുടെ ക്രമാതീതമായ പെരുപ്പം, ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള കാലതാമസം, പഴയ റിക്കാർഡുകൾ കിട്ടാനുള്ള കാലതാമസം, സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ കുറവ് തുടങ്ങിയവയാണ് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് യഥാസമയം നൽകാൻ കഴിയാത്തതിനുള്ള കാരണങ്ങൾ.

(സി) മറ്റു പരീക്ഷാ ഡ്യൂട്ടികൾ ഇല്ലാത്ത സമയങ്ങളിൽ ഇൻസെന്റീവ് ഏർപ്പെടുത്തിയും താൽക്കാലിക ജീവനക്കാരുടെ സേവനങ്ങൾകൂടി ലഭ്യമാക്കിയും ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

54 (1598) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ റാങ്ക് നിശ്ചയിച്ചതിലെ അപാകതകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിലെ റാങ്ക് നിശ്ചയിച്ചതിൽ അപാകതകളുണ്ടായിട്ടുണ്ടോ; എത്ര പരാതികൾ ഇത് സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്;

(ബി) വീണ്ടും മൂല്യനിർണ്ണയം നടത്തുമ്പോൾ ഗുരുതരമായ വീഴ്ച ഉണ്ടായതായി തെളിഞ്ഞാൽ ബന്ധപ്പെട്ടവർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly